മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധി

9 (*497)ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സൈനിക ക്ഷേമനിധിയുടെ പ്രവർത്തന ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശമെന്ന് വ്യക്തമാക്കുമോ;

(ഡി) സൈനിക ക്ഷേമനിധിയുടെ ഘടന എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) സൈനികക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(എഫ്) ക്ഷേമനിധിയിലേക്ക് സംഭാവന സ്വീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സൈനികക്ഷേമ നിധിയുടെ പ്രവർത്തനം വിജയിപ്പിക്കാനായി എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(എച്ച്) സൈനിക ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ വിഹിതം എത്ര എന്ന് നിശ്ചയിച്ചുവോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്. ജി.ഒ.(പി) നമ്പർ 450/99/ജി.എ.ഡി തീയതി 29.6.99 പ്രകാരം ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(ബി) സൈനികസേവനത്തിനിടയിൽ മരണപ്പെടുകയോ, കാണാതാവുകയോ ചെയ്യുന്ന കേരളീയരായ ജവാന്മാരുടെ ആശ്രിതർക്കും സൈനിക സേവനത്തിനിടയിൽ അംഗഭംഗം സംഭവിക്കുകയോ, പരിക്കേൽക്കുകയോ ചെയ്യുന്ന ജവാന്മാർക്കോ അവരുടെ ആശ്രിതർക്കോ ധനസഹായം നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം. യുദ്ധഭൂമിയിലോ, ഫീൽഡ് ഏരിയായിലോവെച്ചുണ്ടാകുന്ന മൈനുകൾ പൊട്ടിത്തെറിച്ചും വാഹനാപകടം മൂലവും യുദ്ധസമാനമായ സാഹചര്യങ്ങളിൽ ഉണ്ടാകുന്നതായ മരണം, കാണാതാകൽ, അംഗഭംഗം സംഭവിക്കൽ എന്നിവക്കും മുഖ്യമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

(സി) സർക്കാരിന്റെ വിഹിതവും പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ എന്നിവയിൽനിന്നുള്ള സംഭാവനയും മുഖാന്തിരവുമാണ് ക്ഷേമനിധിയുടെ പ്രവർത്തനഫണ്ട് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) മുഖ്യമന്ത്രി ചെയർമാനായി താഴെ പറയും പ്രകാരത്തിലുള്ള ഒരു ആറംഗ കമ്മിറ്റിയുടെ കീഴിലാണ് ക്ഷേമനിധിയുടെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

1. മുഖ്യമന്ത്രി	-	ചെയർമാൻ
2. ധനകാര്യവകുപ്പുമന്ത്രി	-	വൈസ് ചെയർമാൻ
3. ചീഫ് സെക്രട്ടറി	-	മെമ്പർ
4. പൊതു ഭരണവകുപ്പു സെക്രട്ടറി	-	മെമ്പർ സെക്രട്ടറി & കൺവീനർ
5. ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി	-	മെമ്പർ & ട്രഷറർ
6. സൈനിക ക്ഷേമ ഡയറക്ടർ	-	മെമ്പർ

(ഇ) പ്രതിരോധ സേനയിലോ അർദ്ധസൈനിക വിഭാഗത്തിലോ സേവനത്തിലിരിക്കെ മരണപ്പെടുകയോ, കാണാതാവുകയോ ചെയ്യുന്ന കേരളീയരായ ജവാന്മാരുടെ ആശ്രിതർക്കും സേവനത്തിനിടയിൽ പരുക്കേൽക്കുന്നവർക്കും അല്ലെങ്കിൽ അവരുടെ ആശ്രിതർക്കും അംഗഭംഗം സംഭവിക്കുന്നവർക്കും/അവരുടെ ആശ്രിതർക്കും ഈ നിധിയിൽനിന്നും സാമ്പത്തിക സഹായം നൽകുന്നതാണ്. പ്രസ്തുത സാമ്പത്തിക സഹായത്തിന് ജില്ലാസൈനികക്ഷേമ ആഫീസുകൾ മുഖേന അപേക്ഷിക്കേണ്ടതാണ്. ജില്ലാ സൈനികക്ഷേമ ആഫീസർ അപേക്ഷ സൂക്ഷ്മപരിശോധന നടത്തി സൈനികക്ഷേമ ഡടറക്ടർക്കും അദ്ദേഹം തന്റെ ശുപാർശയോടുകൂടി ഈ നിധിയുടെ കൺവീനർ കൂടിയായ പൊതുഭരണ സെക്രട്ടറിക്കും അയയ്ക്കേണ്ടതാണ്. കമ്മിറ്റിയുടെ അംഗീകാരത്തോടെ കൺവീനർ സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

(എഫ്)ഉണ്ട്. സർക്കാർ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ മറ്റ് സ്ഥാപനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവനകൾ സ്വീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി മുഖ്യമന്ത്രി ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ജി) എല്ലാ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയും ജീവനക്കാർ അവരുടെ ഒരു ദിവസത്തെ വേതനവും, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങി മറ്റെല്ലാ മേഖലകളിലും പ്രവർത്തിയെടുക്കുന്നവർ അവരുടെ ഉദാരമായ സംഭാവനകൾ ക്ഷേമനിധിയിലേക്ക് നല്കണമെന്ന മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പുറപ്പെടുവിച്ചു. ഈ നിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സുപ്രസിദ്ധ ഗായകരെ പങ്കെടുപ്പിച്ചു കൊണ്ട് ഗാനമേളകൾ നടത്തുവാൻ അതത് കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(എച്ച്) സൈനികക്ഷേമ നിധിയിലേക്കുള്ള സർക്കാർ വിഹിതമായി ഒരു കോടി രൂപ ഇപ്പോൾ കൊടുത്തിട്ടുണ്ട്.

പൈ കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ

10 (*498)ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly